## പൊതുമേഖലാ സ്ഥാപന മേധാവികളുടെ നിയമനം

209 (4200) ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് നിയമനം നടത്തുമ്പോൾ കഴിവുള്ളവരാണെന്നും കുറ്റാരോപിതരല്ലെന്നും ഉറപ്പ് വരുത്താറുണ്ടോ;

(ബി) പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ.-ൽ വിജിലൻസിന്റെ വിമർശനത്തിന് വിധേയനായ ആളെ ഉന്നതസ്ഥാനത്ത് നിയോഗിച്ചെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരത്തിൽ പല പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉന്നത സ്ഥാനങ്ങളിൽ കുറ്റാരോപിതർ ഇപ്പോഴും തുടരുന്നതായി അറിയാമോ; നിയമനം നൽകുന്നതിന് മുമ്പ് വിജിലൻസ് റിപ്പോർട്ട് വാങ്ങാറുണ്ടോ; വിജിലൻസ് റിപ്പോർട്ട് തേടാതെ ഇത്തരം സ്ഥാപനങ്ങളുടെ തലപ്പത്ത് നിയമിക്കപ്പെട്ടവർ ആരൊക്കെ; വ്യക്തമാക്കുമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ കുറ്റാരോപിതരെ നിയമിക്കുന്നത് സ്ഥാപനത്തിന്റെ പുരോഗതിയെ ബാധിക്കുമെന്നതിൽ നിലപാട് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എം.എം.എൽ.-ന്റെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ അഡീഷണൽ ചീഫ് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെയാണ് നിയമിച്ചിട്ടുള്ളത്. റിട്ടയർമെന്റിനു ശേഷവും അദ്ദേഹത്തിന്റെ സേവനം നീട്ടിനൽകിയിരിക്കുകയാണ്.

(സി) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നവർ ഒഴികെയുള്ള മാനേജിംഗ് ഡയറക്ടർ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ നിയമനം ക്രമവൽക്കരിക്കുന്നതിനു മുൻപായി വിജിലൻസ് വകുപ്പിന്റെ ക്ലിയറൻസ് വാങ്ങാറുണ്ട്.

(ഡി) ആരോപണവിധേയരായവരെ പൊതുമേഖലാസ്ഥാപനങ്ങളുടെ മേധാവികളായി നിയമിക്കരുതെന്നാണ് സർക്കാരിന്റെ നിലപാട്.

LIBRARY ARCHIVES Kerala Legislative Assembly